പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2712 — 19.7.11 ൽ മറുപടിയ്ക്ക്

## കടൽക്ഷോഭത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ പദ്ധതികൾ

**ചോദ്യം**

ശ്രീമതി. ഗീതാ ഗോപി

**മറുപടി**

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കടൽക്ഷോഭത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) | തൃശ്ശൂർ ജില്ലയിൽ കടൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് എറണാകുളം ജില്ലയിലെ വൈപ്പിൻ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ബോട്ടുകൾ വാടകക്കെടുത്ത് ഉപയോഗിച്ചുവരുന്നു. എല്ലാ ജില്ലകളിലും ജീവൻ രക്ഷാ പ്രവർത്തനങ്ങൾക്കായി വാളണ്ടിയറിംഗ് അടിസ്ഥാനത്തിൽ മുങ്ങൽ വിദഗ്ദൻമാരുടെ ഒരു ടീം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | രക്ഷാപ്രവർത്തനത്തിന് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര രക്ഷാബോട്ടുകൾ ഉണ്ടെന്ന് അറിയിക്കുമോ ; | ബി) | തൃശ്ശൂർ ജില്ലയിൽ കടൽ രക്ഷാപ്രവർത്തനത്തിന് സർക്കാർ ഉടമസ്ഥതയിൽ ഇപ്പോൾ രക്ഷാബോട്ടുകളൊന്നും നിലവിലില്ല. |
| സി) | ഈ ബോട്ടുകളിലെ ജീവനക്കാർക്ക് രക്ഷാപ്രവർത്തനത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ? | സി) | രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്ന ബോട്ടുകളിൽ കടൽസുരക്ഷാ സേനാംഗമായി ജോലി നോക്കുന്നവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ (NIWS) നിന്നും കടൽരക്ഷാപ്രവർത്തനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ